# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
## സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 08/2021
## 05.12.2021 എ.കെ.ജി.സി.ടി. ഭവൻ

### മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിംഗ്
3. ജില്ലാ റിപ്പോർട്ടിംഗ്
4. ഐഫക്ടോ കോൺഫറൻസ്
5. സംസ്ഥാന സമ്മേളനം
6. എ.സി.എസ്.ആർ
7. സംഘശബ്ദം
8. വനിതാ സബ്കമ്മിറ്റി
9. അക്കാദമിക് കമ്മിറ്റി
10. റിട്ടയേർഡ് ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് വെൽഫെയർ സൊസൈറ്റി

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. മാണിക്യരാജ് കെ., ജയരാജ് ജെ., ഡോ. വിനു ഭാസ്ക്കർ, ഡോ. ജോജോമോൻ എൻ.എ., ആൽബർട്ട് ആന്റണി, ഡോ. സഞ്ചയ് എസ്.,ഡോ. റിജുലാൽ ജി., ഡോ. എം. എസ്. മുരളി, ഡോ. ചന്ദ്രമോഹൻ കെ. ടി., രാജു. എം. സി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, രഘുദാസ് പി. വി., അലിക്കുട്ടി സി., സുശാന്ത് ബി., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, കെ.എ. റഷീദ്, ദിനേശ് പി. കെ., ഡോ. ബേബി ഷീബ, സന്തോഷ് ടി. വർഗീസ്, സജിത്ത് കുമാർ പി., ഡോ. എം. എ. അസ്കർ, ഡോ. ഷജില ബീവി, ഡോ. ഷാനവാസ് പി. എച്ച്, സൗമ്യ എസ്, രജിത സി. ആർ., ഡോ. റോസ്നികസ് പി. കെ., ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. പ്രദീപ് കുമാർ, ഡോ. സുനിൽ വി. ടി., ഡോ. വിഷ്ണു വി.എസ്., ഡോ. പ്രിൻസ് പി. ആർ., ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. സെനോ ജോസ്, ശശി സി. ടി.

രാവിലെ 10ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പ്രശസ്തഗാനരചയിതാവ് ബിച്ചു തിരുമല, എ.കെ.ജി.സി.ടി. മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് പാലകീഴ് നാരായണൻ മാഷ്, ചലച്ചിത്ര താരം കോഴിക്കോട് ശാരദ, ഗായകൻ തോപ്പിൽ ആന്റോ കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടുപിരിഞ്ഞ അനേകായിരങ്ങൾ എന്നിവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സംഘടനാമെമ്പർഷിപ്പ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. നിലവിൽ 2203 അംഗങ്ങളാണ് നമുക്കുള്ളത്. 2018ന് ശേഷം പ്രിൻസിപ്പൽനിയമനം

നടന്നിട്ടില്ല. പ്രിൻസിപ്പൽനിയമനം നടക്കാത്തിതിനാൽ ഈ മേഖലയിൽ അക്കാദമികവും ഭരണപരവുമായ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. പ്രിൻസിപ്പൽനിയമനം സംബന്ധിച്ച് രണ്ട് കേസുകൾ നിലവിലുണ്ട്. ഇത് തീർപ്പാകുംവരെ പ്രിൻസിപ്പൽ നിയമനം നടത്താൻ സർക്കാരിന് പരിമിതിയുണ്ട്. ആയതിനാൽ കോടതിവിധിക്ക് വിധേയമായിരിക്കുമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി പൂർണ്ണ അധികാരത്തോട് കൂടിയ പ്രിൻസിപ്പൽ നിയമനം നടത്തണമെന്നാണ് സംഘടനയുടെ അഭിപ്രായം. സർക്കാർ കോളേജ് പ്രിൻസിപ്പൽ നിയമനം എങ്ങനെയായിരിക്കണമെന്ന് ഏഴാം യു.ജി.സി റെഗുലേഷനിൽ വ്യക്തമായി പറയുന്നില്ല. സ്പെഷ്യൽ റൂൾസ് അനുസരിച്ച് പ്രിൻസിപ്പൽ നിയമനം നടത്തുകയാണ് വേണ്ടത്. ഇക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വൈകാതെതന്നെ താത്കാലികമായി പ്രിൻസിപ്പൽ നിയമനം നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

6000-7000, 7000-8000 എന്നീ പ്ലെയിസ്മെന്റ് നടപടികൾ വൈകുന്നത് എ.ജി.യിൽനിന്നും സർവീസ് ഡീറ്റെയിൽസ് ലഭിക്കാത്തതിനാലാണ്. എ.ജി.യുടെ ഓഫീസിലെ ജീവനക്കാരുടെ എണ്ണത്തിലെ കുറവ് ഇക്കാര്യത്തിൽ വലിയ തടസം സൃഷ്ടിക്കുന്നുണ്ട്. എങ്കിലും സംഘടന ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്. പ്ലെയിസ്മെന്റിൽ ബി ഓപ്ഷൻ നൽകിയവർക്ക് മൂന്നുവർഷത്തെ ഇളവ് ലഭിക്കുന്നതിന് ആവശ്യമായ ഫയൽ ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ ഓഫീസിൽ എത്തിയിട്ടുണ്ട്. അതിൽ സംഘടന ഇടപെട്ട് വേണ്ട കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ എത്രയും വേഗം പുറത്തിറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജേർണൽ വിഷയവുമായി ബന്ധപ്പെട്ട് മാറ്റിവച്ചിരിക്കുന്ന പ്ലെയ്സ്മെൻറ് ഫയലുകളിൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കുന്നതിന് വേണ്ട ഇടപെടലും നടത്തിവരുന്നു. 23.02.2016 വരെ എയ്ഡഡ് കോളജ് അധ്യാപകർക്ക് ലഭിച്ചിരുന്ന ഇളവുകൾ സർക്കാർകോളജ് അധ്യാപകർക്കും ലഭിക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നുണ്ട്. അന്ന് എയ്ഡഡ് കോളേജ് അധ്യാപകർക്ക് ഇത് ലഭിച്ചത് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു. ആയതിനാൽ സർക്കാർകോളേജ് അധ്യാപകർക്ക് ഇത് അനുവദിച്ചുകിട്ടാൻ നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളേണ്ടതുണ്ട്.

സംസ്ഥാനത്തെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഡി.എ. നിരക്ക് കോളേജ് അധ്യാപകർക്ക് ലഭ്യമായിട്ടില്ല. ഇത് വൈകാൻ കാരണം നിലവിലെ സാമ്പത്തിക പ്രതിസന്ധിയാണ്. എങ്കിലും എത്രയും പെട്ടെന്നുതന്നെ ഇത് അനുവദിച്ചു കിട്ടാൻ വേണ്ട നടപടിയുമായി സംഘടന മുന്നോട്ടു പോകുന്നുണ്ട്. മെഡിസെപ്പ് പ്രവർത്തനം നടന്നുവരുന്നു. പങ്കാളിത്തപെൻഷനുമായി ബന്ധപ്പെട്ട കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും അതിന്റെ തുടർനടപടികൾ ഒന്നും ആയിട്ടില്ല. ഇത് ജീവനക്കാർക്ക് അനുകൂലമായി വരുന്നതിന് എഫ്.എസ്.ഇ.ടി.ഒ.യുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

മ്യൂസിക് കോളേജ് അധ്യാപകർക്ക് യു.ജി.സി., അറബിക് അധ്യാപകരുടെ സർവീസ്പ്രശ്നം എന്നിവ ഗുണകരമായി പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. സിംഗിൾ ഫാക്കൽറ്റി വിഷയവും, പി. ജി. വെയിറ്റേജ് നഷ്ടപ്പെട്ടപ്പോൾ ഉണ്ടായ അധിക തസ്തികകളുടെ വിഷയവും ഒരു വിദഗ്ധസമിതിയെ കൊണ്ട് പരിശോധിപ്പിച്ച് ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ഗുണകരമായ രീതിയിൽ കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്കും ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്കും സംഘടന കത്ത് നൽകിയിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസവകുപ്പുഡയറക്ടർ അക്കാദമിക്ക് കമ്മിറ്റി എന്നൊരു സംവിധാനം ഉണ്ടാക്കുകയും അതിൽ മാത്രം കാര്യങ്ങൾ ചർച്ച ചെയ്യുകയും

ചെയ്യുന്നത് ഈ മേഖലയ്ക്ക് ഗുണകരമായിരിക്കില്ല. "ഏൺ വൈൽ യു ലേൺ" പദ്ധതിയുമായി ഡയറക്ടർ മുന്നോട്ടുപോകുന്നത് ഈ മേഖലയിൽ അധ്യാപകസംഘടനകളെ വിശ്വാസത്തിലെടുക്കാതെയാണ്. ഇത്തരം കാര്യങ്ങളൊക്കെയും ചർച്ച ചെയ്യുന്നതിന് സർവീസ് സംഘടനകളുടെ യോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്കു സംഘടന കത്ത് നൽകിയിട്ടുണ്ട്.

പട്ടാമ്പി കോളേജിലെ റസിന ടീച്ചറുടെ പരാതിയിലും പുലൂറ്റ് ഗവണ്മെന്റ് കോളേജിലെ രമണി ടീച്ചർ നൽകിയ പരാതിയിലും സംഘടന വേണ്ട ഇടപെടൽ നടത്തിവരുന്നു. മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ അധ്യാപക വിരുദ്ധനടപടിക്കെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായ അന്വേഷണം നടത്തുകയും, അദ്ദേഹത്തെ സ്ഥലം മാറ്റുകയും ചെയ്തു. ആറ്റിങ്ങൽ കോളജിലെ ധന്യ ടീച്ചറുടെ ചികിത്സ സഹായവുമായി ബന്ധപ്പെട്ട് അധ്യാപകസമൂഹത്തിൽ നിന്നും 12,79,700 രൂപ ശേഖരിച്ച് കുടുംബത്തിന് കൈമാറാൻ സാധിച്ചിട്ടുണ്ട്. ഇത് ഏറെ മാതൃകാപരമാണ്. സംഘശബ്ദം ഒരു ലക്കം ഇറങ്ങി. പുതിയലക്കത്തിന്റെ പണിപ്പുരയിലാണ്. യു.ജി.സി. ഒരേ യോഗ്യത നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാല അധ്യാപകരുടെയും കോളേജ് അധ്യാപകരുടെയും പെൻഷൻപ്രായം ഏകീകരിക്കണം എന്നതാണ് സംഘടനയുടെ നിലപാട്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് സംഘടന കത്ത് നൽകിയിട്ടുണ്ട്.

2022 ജനുവരി 7 മുതൽ 9 വരെ തിരുപ്പതിയിൽ വച്ച് ഐഫക്ടോയുടെ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് നടക്കുന്നുണ്ട്. ഇതിൽ പങ്കെടുക്കേണ്ട ആളുകളുടെ കാര്യത്തിൽ നമുക്ക് തീരുമാനം എടുക്കേണ്ടതുണ്ട്. ജനുവരിയിൽ സംഘടനയുടെ യുണിറ്റ്സമ്മേളനങ്ങളും, ഫെബ്രുവരിയിൽ ജില്ലാസമ്മേളനങ്ങളും, മാർച്ചിൽ സംസ്ഥാനസമ്മേളനവും നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് വിശദമായ ചർച്ചനടത്തി തീരുമാനം എടുക്കണം.

എ.സി.എസ്.ആർ. ഡയറക്ടർ ഡോ. ഗ്രേഷ്യസ് ജെയിംസ് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ പരീക്ഷാകൺട്രോളറായി പോയതിനെതുടർന്ന് ഈ സ്ഥാനം ഒഴിഞ്ഞ് കിടക്കുകയാണ്. ഇതിലേക്ക് ഒരാളെ കണ്ടെത്തണം.

റിട്ടയേർഡ് ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് സൊസൈറ്റിയുടെ ഭാഗത്തുനിന്നും നമുക്ക് കത്ത് ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിലും ചർച്ചനടത്തി ഉചിതമായ തീരുമാനമെടുക്കേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യംവെച്ചുകൊണ്ട് സർക്കാർ നിയമിച്ച മൂന്ന് കമ്മീഷനുകൾക്ക് നമ്മൾ വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്, ഇതിനായി സംസ്ഥാനതല അക്കാദമിക് കമ്മറ്റി യൂണിറ്റ്/ജില്ലാ തലങ്ങളിലും, സംസ്ഥാനതലത്തിലും ചർച്ചചെയ്ത് ക്രോഡീകരിച്ച റിപ്പോർട്ട് ഇന്ന് ചെയർമാൻ ഡോ. വിഷ്ണു വി. എസ്. അവതരിപ്പിക്കും. അതിൽ സംസ്ഥാനസമിതി വിശദമായചർച്ചനടത്തി റിപ്പോർട്ടിന് അന്തിമരൂപം നൽകേണ്ടതുണ്ട്.

ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് ഓരോ അജണ്ടയും വിശദമായ ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. ഉന്നതവിദ്യാഭ്യാസമേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ മൂന്ന് സമിതികളെ നിയമിച്ചിട്ടുണ്ട്. ഈ സമിതികൾക്ക് മുമ്പാകെ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ എത്രയും വേഗം ക്രോഡീകരിക്കാൻ തീരുമാനമെടുത്തു. പരീക്ഷാസംബന്ധമായ റിപ്പോർട്ട് ക്രോഡീകരിക്കുന്നതിന് ഡോ. റിജുലാലിനെയും, സർവ്വകലാശാലചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് ക്രോഡീകരിക്കുന്നതിനു ഡോ. കെ. ടി ചന്ദ്രമോഹനനെയും, ഉന്നതവിദ്യാഭ്യാപരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ക്രോഡീകരിക്കുന്നതിനു ഡോ.വിഷ്ണു വി. എസിനെയും സംഘടന ചുമതലപ്പെടുത്തി.
2. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഹോംസ്റ്റേഷനിൽ വേണ്ട തിരുത്തലുകൾ വരുത്താൻ ഡിസംബർ 15 വരെ സമയം നൽകി കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ സർക്കുലർ ഇറക്കിയിട്ടുണ്ട്, എന്നാൽ അധ്യാപകർക്ക് ഈ വിഷയത്തിൽ വേണ്ടമാറ്റങ്ങൾ വരുത്താൻ സാവകാശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംഘടന കത്ത് നൽകും.
3. വയനാട് ജില്ലയിലെ റൂസകോളേജ് എത്രയും വേഗം പ്രാവർത്തികമാക്കാൻ വേണ്ട ഇടപെടൽ സംഘടന നടത്തും.
4. "ഏൺ വൈൽ യു ലേൺ", അധ്യാപകരുടെ പൊതുസ്ഥലംമാറ്റം, കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ രൂപീകരിച്ചിരിക്കുന്ന അക്കാദമിക് കമ്മിറ്റി എന്നിവ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സംഘടനകളുടെ യോഗം വിളിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് കത്ത്നൽകാൻ തീരുമാനിച്ചു.
5. എം.ജി. യൂണിവേഴ്സിറ്റി നടത്താൻ ഉദ്ദേശിക്കുന്ന ഓൺലൈൻ കോഴ്സുകൾ ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽവന്ന സാഹചര്യത്തിൽ കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നാവശ്യ പ്പെട്ടുക്കൊണ്ട് എം.ജി. യൂണിവേഴ്സിറ്റിക്ക് കത്ത് നല്കാൻ തീരുമാനിച്ചു.
6. പാലക്കാട് വിക്ടോറിയ കോളേജിലെ മുൻപ്രിൻസിപ്പലുമായി ബന്ധപ്പെട്ട് നമ്മുടെ അംഗങ്ങൾക്കുള്ള കേസ് സംഘടന ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചു.
7. ഐഫെക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസിൽ പങ്കെടുക്കുന്ന മുഴുവൻ അംഗങ്ങളുടെയും രജിസ്ട്രേഷൻ ഫീസും, ഭാരവാഹികളുടെ യാത്രാചിലവും സംഘടന ഏറ്റെടുക്കും. ഇതുമായി ബന്ധപ്പെട്ട് ഡ്യൂട്ടിലീവ് അനുവദിക്കുന്നതിനായി സംഘടന ഉന്നതവിദ്യാഭ്യാസവകുപ്പിന് കത്ത് നൽകും.
8. സംഘടനയുടെ സമ്മേളന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനിച്ചു. യുണിറ്റ്സമ്മേളനങ്ങൾ ജനുവരിയിലും, ജില്ലാസമ്മേളനങ്ങൾ ഫെബ്രുവരിയിലും, സംസ്ഥാനസമ്മേളനം മാർച്ച് മാസം കോഴിക്കോട് വെച്ചും നടത്താൻ തീരുമാനിച്ചു. സമ്മേളനഫണ്ട് 1500 രൂപയായി നിശ്ചയിച്ചു. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ വർഷത്തെ സമ്മേളനം രണ്ടുദിവസമായി പരിമിതപ്പെടുത്താൻ തീരുമാനിച്ചു.
9. എ.സി.എസ്.ആർ.ഡയറക്ടറുടെ ചുമതല പട്ടാമ്പി സംസ്കൃത കോളജിലെ മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പി.പി. പ്രകാശന് നൽകാൻ തീരുമാനിച്ചു.
10. ഗവേഷണമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനു എ.സി.എസ്. ആറിനെ ചുമതലപ്പെടുത്തി.
11. റിട്ടയേർഡ് ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ പരമാവധി അംഗങ്ങൾ മെമ്പർഷിപ്പ് എടുത്ത് അതുമായി സഹകരിച്ചുപോകാൻ തീരുമാനിച്ചു. ഇതിന്റെ

ഭരണസമിതിലേക്ക് സംസ്ഥാനജനറൽസെക്രട്ടറി ഡോ. എം. സത്യന്റെ പേര് നിർദേശിക്കുവാൻ തീരുമാനിച്ചു.

12. സിംഗിൾഫാക്കൽറ്റി, പി.ജി. വെയിറ്റേജ് നഷ്ടപ്പെട്ടപ്പോൾ ഉണ്ടായ അധിക തസ്തിക എന്നീ വിഷയങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കാൻ വേണ്ട ഇടപെടൽ നടത്തും.
13. സംഗീത കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയം, അറബിക്ക് അധ്യാപകരുടെ സർവീസ്പ്രശ്നങ്ങൾ എന്നിവയിൽ വീണ്ടും ശക്തമായഇടപെടൽ നടത്താൻ തീരുമാനിച്ചു.
14. വനിതാസബ്കമ്മിറ്റിയുടെ തീരുമാനിക്കപ്പെട്ട പരിപാടികൾ യൂണിറ്റ്/ ജില്ലാസമ്മേളനനടപടികൾ ആരംഭിക്കുന്നതിനു മുൻപായി നടത്താൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 5.00ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
05-12-2021

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി